**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1278** **03.12.2015-ലെ മറുപടിക്ക്**

## നെല്ലിയാമ്പതിയിലെ ഭൂമി കയ്യേറ്റം

**ചോദ്യം**
**ശ്രീ.എ.കെ.ബാലൻ**

**മറുപടി**
**ശ്രീ. അടൂർ പ്രകാശ്**
**(റവന്യൂവും കയറും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | നെല്ലിയാമ്പതിയിലെ കരുണ എസ്റ്റേറ്റിന്റെ ഭൂമികയ്യേറ്റം സംബന്ധിച്ച് ലാന്റ് ബോർഡ് സെക്രട്ടറി അന്വേഷണം നടത്തിയതിന്മേൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ; | (എ) | നെല്ലിയാമ്പതിയിലെ കരുണാ എസ്റ്റേറ്റിന്റെ ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് ലാന്റ് ബോർഡ് സെക്രട്ടറി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ മുഴുവൻ ഭൂമിയും (കരുണാ പ്ലാന്റേഷനും സമീപ എസ്റ്റേറ്റുകളിലുമായി കിടക്കുന്ന 3129 ഏക്കർ ഭൂമിയും) സർവ്വെ ചെയ്ത് കണ്ടെത്തുന്നതിന് 12/11/2014-ലെ (സാധാ) 5473/14-ാം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു സ്പെഷ്യൽ സർവ്വെ ടീമിനെ നിയോഗിക്കുകയും, ടി സർവ്വെയുടെ മേൽനോട്ടത്തിനായി ലാന്റ് റവന്യൂ കമ്മീഷണർ നോഡൽ ഓഫീസറായും സർവ്വെ ഡയറക്ടർ, ലാന്റ് ബോർഡ് സെക്രട്ടറി, പാലക്കാട് ജില്ലാ കളക്ടർ, ഐ.ജി. രജിസ്ട്രേഷൻ, ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. അപ്രകാരം രൂപീകരിച്ച മോണിറ്ററിംഗ് കമ്മിറ്റിയുടെ യോഗങ്ങൾ ലാന്റ് റവന്യൂ കമ്മീഷണർ 11/12/2014-ന് നടത്തുകയും സർവ്വെ ടീമിന്റെ തുടർ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനും മറ്റും ലാന്റ് ബോർഡ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു. അപ്രകാരം ലാന്റ് ബോർഡ് സെക്രട്ടറി സർവ്വെ ടീമിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശം നൽകി വരുന്നു. സർവ്വെ ടീമിന്റെ ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട നടപടികൾ കോടതി സ്റ്റേ ചെയ്തിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ | (ബി) | റവന്യൂ വകുപ്പ് സ്വീകരിച്ച നടപടിക്കെതിരെ പോബ്സ് എസ്റ്റേറ്റ് ബഹു.ഹൈക്കോടതിയിൽ WP(C) 34072/2014 നമ്പർ കേസ് ഫയൽ ചെയ്തതിൽ 26/02/2015-ലെ |

| | | | |
|---|---|---|---|
| | വ്യക്തമാക്കുമോ; | | ഇടക്കാല ഉത്തരവ് പ്രകാരം സർവ്വെ നടത്തുന്നതൊഴിച്ച് മറ്റു വിഷയങ്ങളിൽ ബഹു.ഹൈക്കോടതിയുടെ മുൻകൂർ അനുമതിയോടുകൂടി മാത്രമേ തുടർ നടപടികൾ പാടുള്ളൂ എന്ന് ഉത്തരവായിട്ടുണ്ട്. |
| (സി) | പ്രസ്തുത റിപ്പോർട്ട് പ്രകാരമുള്ള സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ സർവ്വേ നടപടികൾ പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | (സി) | സർവ്വെ നടപടികൾ ആരംഭിച്ചിട്ടുണ്ട്, റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. |
| ഡി | റിപ്പോർട്ട് പ്രകാരം കയ്യേറ്റങ്ങൾ സ്ഥിരീകരിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ? | ഡി | ബാധകമല്ല. |

**സെക്ഷൻ ഓഫീസർ**